DESPATCHED
On..9/2/22..

3/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർAP.No.989(5)/18/SIC**
**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No. 4431/SIC-G7/2018**

**സന്നിഹിത**
**ശ്രീമതിശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**
**ഉത്തരവ്തീയതി : 30.12.2021**

**ശ്രീ. ജി.വിജയകുമാരൻ,**
**സായിപ്രഭ, മഞ്ഞമല പി.ഒ,**
**തിരുവനന്തപുരം – 695313** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **തദ്ദേക സ്വയംഭരണ (ഇ.യു) വകുപ്പ്,**
   **നാലാം നില, സെക്രട്ടറിയേറ്റ് അനക്സ് –1,**
   **തിരുവനന്തപുരം.**

2. **അപ്പീൽഅധികാരി,**
   **തദ്ദേക സ്വയംഭരണ (ഇ.യു) വകുപ്പ്,**
   **നാലാം നില, സെക്രട്ടറിയേറ്റ് അനക്സ് –1,**
   **തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 11.11.2017 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 15.12.2017 |
| ഒന്നാംഅപ്പീൽ | 03.01.2018 |
| അപ്പീൽ അധികാരിയുടെതീരുമാനം | 19.01.2018 |
| രണ്ടാംഅപ്പീൽ | 22.04.2018 |
| ഹിയറിംഗ്തീയതി, സ്ഥലം | 09.08.2021, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നില്ല |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ജി.വിജയകുമാരൻ 11.11.2017 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ) ആവശ്യപ്പെട്ടത്, 24.04.2017 ൽ ടിയാൻ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങളായിരുന്നു.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി അപ്പീൽ ഹർജിക്കാരൻ 24.04.2017 ൽതദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് സമർപ്പിച്ചുവെന്ന് പരാമർശിക്കുന്ന നിവേദനം പ്രസ്തുത വകുപ്പിൽ ലഭ്യമായതായി കാണുന്നില്ലെന്നാണ്. ടി മറുപടിയിൽ തൃപ്തനാകാതെ ഒന്നാം അപ്പീൽ സമർപ്പിച്ചെങ്കിലും ആയതിന് അപ്പീൽ അധികാരി നൽകിയ മറുപടി, ഹർജിക്കാരൻ പരാമർശിക്കുന്ന നിവേദനം തപാൽ സെക്ഷനിൽ ലഭിച്ചിരുന്നതായി കാണുന്നുവെന്നും എന്നാൽ വിഷയം കൈകാര്യം ചെയ്യുന്ന തദ്ദേശ സ്വയംഭരണ (ഇയൂ) വകുപ്പിൽ ലഭിക്കാത്തതിനാലാണ് എസ്.പി.ഐ.ഒ അപ്രകാരം ഒരു മറുപടി നൽകിയതെന്നും ആവശ്യമായ തുടർനടപടി അടിയന്തിരമായി സ്വീകരിക്കുന്നതാണെന്നുമാണ്.

3. ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 09.08.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും, ടെലഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷി ഹാജരാകുകയും ചെയ്തു. അപ്പീൽ ഹർജിക്കാരൻ ഹാജരായിരുന്നില്ല.

4. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരൻ 24.04.2017 തീയതിയായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് സമർപ്പിച്ച നിവേദനം ഓഫീസ് സെക്ഷനിൽ നിന്നും ലഭ്യമാക്കി ഇ.യൂ.3/30/2018/തസ്വഭവ എന്ന ഫയലിൽ പരിശോധിക്കുകയും വിശദമായ റിപ്പോർട്ടിനായി 22.01.2018 ലെ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർക്ക് അയച്ചിട്ടുണ്ടെന്നും എന്നാൽ റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ മൊഴി നൽകി. അപ്പീൽഹർജിക്കാരനായ ശ്രീ.വിജയകുമാറിന്റെ പരാതി നഗരകാര്യ ഡയറക്ടർക്ക് അയച്ചു നൽകിയെന്ന എസ്.പി.ഐ.ഒയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ടി പരാതിയുടെ നിജസ്ഥിതി നഗരകാര്യ ഡയറക്ടറോട് ആവശ്യപ്പെട്ട് ആയതിന്റെ വിശദവിവരം എസ്.പി.ഐ.ഒ അപ്പീൽ ഹർജിക്കാരനെ അറിയിക്കേണ്ടതാണെന്ന് കമ്മീഷൻ ഇതിനാൽ ഉത്തരവാകുന്നു. ഇപ്രകാരം ഈ അപ്പീൽ ഹർജി **ഇന്നേ ദിവസം 2021ഡിസംബർ മാസം 30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻസെക്രട്ടറി**
Jn